(ബി) ഇതിൽ എത്ര കുട്ടികൾക്ക് കേൾവിശക്തിയും സംസാരശേഷിയും ലഭ്യമായെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) 2013-14 സാമ്പത്തിക വർഷം മാർച്ച് 31-ന് മുമ്പ് 202 കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ നടത്തുന്നതിനുള്ള അനുമതി നൽകുകയും നാളിതുവരെ 159 സർജറികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള 43 സർജറികൾ നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ പൂർത്തിയായി വരുന്നു.

(ബി) കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറിക്കുശേഷം ചുരുങ്ങിയത് രണ്ട് വർഷക്കാലത്തേക്കെങ്കിലും ഓഡിറ്ററി വെർബൽ ഹബിലിറ്റേഷൻ തെറാപ്പി ക്രമേണ കുട്ടിക്ക് നൽകിയാൽ മാത്രമേ സംസാരശേഷി വീണ്ടെടുക്കാൻ സാധിക്കുകയുള്ളൂ. ഇതിനുള്ള സൗകര്യം സർജറി ചെയ്യുന്ന ആശുപത്രികളിലും തിരുവനന്തപുരത്തുള്ള നിഷിലും (NISH) ഒരുക്കിയിട്ടുണ്ട്.

ശാരീരിക മാനസിക വൈകല്യങ്ങൾ ബാധിച്ചവർക്ക് സംരക്ഷണം

225 (7524) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാഷണൽ ട്രസ്റ്റ് ആക്ട് പ്രകാരം ശാരീരിക, മാനസിക വൈകല്യങ്ങൾ ബാധിച്ചവരുടെ സംരക്ഷണത്തിനായി സംസ്ഥാനത്ത് എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത വൈകല്യങ്ങൾ ബാധിച്ചവരുടെ സ്വത്തുക്കൾ സംരക്ഷിക്കുന്നതിനും അവരുടെ അന്യാധീനപ്പെട്ട സ്വത്തുക്കൾ തിരിച്ചുപിടിക്കുന്നതിനും ഈ നിയമ പ്രകാരം എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1999-ലെ നാഷണൽ ട്രസ്റ്റ് ആക്ടിന്റെ അടിസ്ഥാനത്തിൽ ഓട്ടിസം, സെറിബ്രൽ പാൾസി, ബുദ്ധിമാന്ദ്യം എന്നിവ സംഭവിച്ച വ്യക്തികളുടെയും അവരുടെ സ്വത്തിന്റെയും സംരക്ഷണത്തിനായി ലീഗൽ ഗാർഡിയനെ നിയമിക്കുന്നു.

Legal guardianship നൽകുന്നതിനായി എല്ലാ ജില്ലകളിലും ജില്ലാ കളക്ടർ/ജില്ലാ മജിസ്ട്രേട്ട് ചെയർമാനായുള്ള ലോക്കൽ ലെവൽ കമ്മിറ്റികൾ പ്രവർത്തിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

നാഷണൽ ട്രസ്റ്റിന്റെ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനുമായി അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായും വികലാംഗ കമ്മീഷണർ/സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ ഉപാദ്ധ്യക്ഷനായും നാഷണൽ ട്രസ്റ്റിന്റെ സ്റ്റേറ്റ് നോഡൽ ഏജൻസി സെന്ററിന്റെ സംസ്ഥാന കോർഡിനേറ്റർ മെമ്പറായും ഉൾപ്പെടുത്തി സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി (SLCC) രൂപീകരിച്ചിട്ടുണ്ട്. വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് സേവനങ്ങൾ കൂടുതൽ ഗുണഭോക്താക്കളിൽ എത്തിക്കുന്നതിനായി LLC കൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ SNAC മുഖേന സ്വീകരിച്ചുവരുന്നു.

SNAC യുടെയും LLC യുടെയും പ്രവർത്തനങ്ങൾ പൂർണ്ണ തോതിൽ ലഭ്യമാക്കുന്നതിന്റെ ഭാഗമായി 2014-15 സാമ്പത്തിക വർഷം SNAC-ക്കും LLC കൾക്കുമായി 43,80,436 രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) Legal guardianship നൽകുന്നതിനുള്ള അധികാരം LLC-കൾക്കാണ്. ഇത്തരത്തിൽ ലീഗൽ ഗാർഡിയനെ നിയമിച്ചിട്ടുള്ള വികലാംഗരുടെ സ്ഥാവര ജംഗമ വസ്തുക്കളിന്മേൽ കൈമാറ്റം നടത്തുന്നതിനുമുമ്പായി സബ് രജിസ്ട്രാർ/വില്ലേജ് ഓഫീസർ LLC-കളിൽ നിന്ന് മുൻകൂർ അനുമതി വാങ്ങേണ്ടതാണ്. ഇതിന് വിരുദ്ധമായി നടപ്പിലാക്കുന്ന ഉടമ്പടികൾ 1999-ലെ നാഷണൽ ട്രസ്റ്റ് ആക്ടിന് വിരുദ്ധമാണ്.

LLC-കൾ മുഖാന്തിരം നിയമിക്കപ്പെട്ട ലീഗൽ ഗാർഡിയൻ ആണ് പ്രസ്തുത വികലാംഗന് വേണ്ടി എല്ലാ ഔദ്യോഗിക കൈമാറ്റങ്ങളും നടത്തേണ്ടത്. ഓരോ 6 മാസവും ലീഗൽ ഗാർഡിയൻ പ്രസ്തുത വികലാംഗനായ വ്യക്തിയുടെ ആസ്തി സംബന്ധിച്ച returns സമർപ്പിക്കുവാൻ ബാധ്യസ്ഥനാണ്.

വിഭിന്നശേഷിയുള്ളവർക്ക് ലഭിക്കുന്ന സേവനങ്ങൾ

226 (7525) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സ്ഥാപനങ്ങളിൽ വിഭിന്നശേഷിയുള്ളവർക്കായി എന്തെല്ലാം സേവനങ്ങളാണ് ഇപ്പോൾ ലഭ്യമാക്കുന്നത് ;

(ബി) ഇത് പരിഷ്കരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) സർക്കാർ സ്ഥാപനങ്ങളിൽ വിഭിന്നശേഷിയുള്ളവർക്കായി നിരവധി സേവനങ്ങളാണ് സർക്കാർ ഇപ്പോൾ നടപ്പിലാക്കി വരുന്നത്. സർക്കാർ സ്ഥാപനങ്ങളിൽ വിവിധ ആവശ്യങ്ങൾക്കായി എത്തുന്ന അംഗപരിമിതർക്ക് പ്രവേശിക്കുന്നതിനായി പ്രത്യേക റാമ്പുകൾ നിർമ്മിച്ചുവരുന്നുണ്ട്. ലിഫ്റ്റ് സൗകര്യങ്ങൾ ഇല്ലാത്ത സ്ഥാപനങ്ങളിൽ ലിഫ്റ്റ് നിർമ്മിക്കുന്നതിനും

LIBRARY ARCHIVES Kerala Legislative Assembly